# അതിരപ്പിള്ളി: വികലവാദങ്ങളുമായി വീണ്ടും ശാസ്ത്രജ്ഞർ

മീഡിയാമേറ്റ് ന്യൂസ് സർവ്വീസ്

തൃശ്ശൂർ: ദുർബലവും വസ്തുതാ വിരുദ്ധവുമായ വാദങ്ങളുമായി ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ടി.ബി.ജി.ആർ.ഐ) അതിരപ്പിള്ളി പദ്ധതിയുടെ അനിവാര്യത ബോധ്യപ്പെടുത്താൻ രംഗത്തെത്തി.

കഴിഞ്ഞ മാസം 31 ന് തിരുവനന്തപുരത്ത് വിളിച്ചുചേർത്ത പത്രസമ്മേളനത്തിലാണ് അതിരപ്പിള്ളി പദ്ധതിക്ക് ടി.ബി.ജി.ആർ.ഐ. ക്ലീൻചിറ്റ് നൽകിയത്. പരിസ്ഥിതി ആഘാതം ഏറെ പരിമിതമായ മികച്ച പദ്ധതികളിൽ ഒന്നാണ് ഇത് എന്നാണ് അവർ നൽകുന്ന സർട്ടിഫിക്കറ്റ്. ഇവിടെ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് 1.70 രൂപ മാത്രമേ വില വരികയുള്ളൂ എന്നും അവർ പറയുന്നു. നയാഗ്രമാതൃകയിൽ നിർമ്മിക്കുന്ന ഈ പദ്ധതി ആനകളുടെ സ്വൈര്യവിഹാരത്തിന് തടസ്സമാകില്ലെന്ന് ടി.ബി.ജി.ആർ.ഐ. പറയുന്നു. അപൂർവ്വ ഇനം മത്സ്യങ്ങളൊന്നും തന്നെ നിർദ്ദിഷ്ട പദ്ധതി പരിസരത്ത് കാണപ്പെടുന്നില്ലെന്നും അവർ സൂചിപ്പിക്കുന്നു. കുടിയൊഴിക്കപ്പെടുന്ന കാടർ സമുദായത്തിൽപ്പെട്ട 18 കുടുംബങ്ങളുടെ പുനരധിവാസത്തിനായി പ്രത്യേക റിപ്പോർട്ടും ഇവർ തയ്യാറാക്കിയിട്ടുണ്ട്. തങ്ങളുടെ ശുപാർശകൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചതായും അവർ അവകാശപ്പെട്ടു. തൃശ്ശൂരിൽ നടന്ന പൊതു തെളിവെടുപ്പിൽ തങ്ങളുടെ പഠന കണ്ടെത്തലുകൾ അവതരിപ്പിക്കാൻ അവസരം നൽകിയില്ലെന്നും തിരുവനന്തപുരത്ത് ടി.ബി.ജി.ആർ.ഐ. നടത്തിയ പത്രസമ്മേളനത്തിൽ കുറ്റപ്പെടുത്തി.

എന്നാൽ ടി.ബി.ജി.ആർ.ഐ. യുടെ പഠന റിപ്പോർട്ടിനെ എതിർവാദ മുഖങ്ങൾ അക്കമിട്ട് നിരത്തിക്കൊണ്ട് ഖണ്ഡിക്കുകയാണ് ചാലക്കുടി പുഴ സംരക്ഷണ സമിതി. 18 കാടർ കുടുംബങ്ങളെ ബാധിക്കുന്ന പ്രശ്നമെന്ന് അതിരപ്പിള്ളി പദ്ധതിയെ സങ്കുചിതമായി പരിമിതപ്പെടുത്തുന്നതിനെയും ചാലക്കുടി പുഴ സംരക്ഷണ സമിതി ചോദ്യം ചെയ്യുന്നുണ്ട്.

## റിപ്പോർട്ടിൽ മന്ത്രിയുടെ അവിഹിത ഇടപെടൽ?

തിരുവനന്തപുരം : നിർദ്ദിഷ്ട അതിരപ്പിള്ളി പദ്ധതിയെ സംബന്ധിച്ച പൊതുതെളിവെടുപ്പിന്റെ റിപ്പോർട്ടിൽ ആരോഗ്യവകുപ്പ് മന്ത്രിയുടെ അവിഹിത ഇടപെടലെന്ന് അഭ്യൂഹം. ഫെബ്രുവരി 6 ന് തൃശ്ശൂരിൽ നടത്തിയ പൊതുതെളിവെടുപ്പിന്റെ റിപ്പോർട്ടിൽ പദ്ധതിയിലുൾപ്പെട്ട കെ.എസ്.ഇ.ബി - ടി.ജി.ബി.ആർ. ഐ അധികൃതരെ ശക്തമായി വിമർശിച്ചിരുന്നു. ടി.ജി.ബി.ആർ. ഐ നടത്തിയ തെറ്റാണെന്ന് ആരോപണമുയർന്നിരുന്ന പഠനത്തെ വെള്ളപൂശാനാണ് മന്ത്രിയുടെ ശ്രമമെന്ന് ഔദ്യോഗിക വൃത്തങ്ങളിൽ നിന്നറിയുന്നു. അതിനായി ആരോഗ്യവകുപ്പിനു കീഴിലുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡ് അധികൃതർക്ക് സമ്മർദ്ദം ഉണ്ടായിരുന്നതായി അറിയുന്നു.